# 18

# ക്രൂശുമായി ബന്ധപ്പെട്ട കാര്യങ്ങൾ

**എഫെസ്യർ 5:21-32**

*"... ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ, അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനു, തന്നെത്താൻ അവൾക്കുവേണ്ടി ഏല്പി ച്ചുകൊടുത്തു" (എഫെസ്യർ 5:25, 26).*

ക്രൂശിൽ വച്ചു മാത്രമാണ് ദൈവം പാപികളെ കണ്ടുമുട്ടുന്നത്. എങ്ങ നെയായാലും, ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതു ദൈവനിബ ന്ധനകളാലാണ് - നമ്മുടേതല്ല. നാം നമ്മുടെ ഹൃദയങ്ങളിൽ ക്രൂശിനെ സ്ഥാപിക്കുമ്പോൾ, ദൈവം തന്റെ രക്ഷയ്ക്കുള്ളിൽ നമ്മെ സ്ഥാപിക്കും.

ക്രൂശ് കേന്ദ്രമാണ്; അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരമപ്രധാന വുമാണ്. നിങ്ങൾ ഒരു വസ്ത്രം വാങ്ങിക്കുവാൻ പണം മുടക്കുമ്പോൾ, പണം മുടക്കിയതിന്റെ ഗുണം ലഭിക്കുന്നത് വസ്ത്രം ധരിക്കുമ്പോഴാ ണ്. ഔഷധത്തിനു രോഗം ഭേദപ്പെടുത്തുവാൻ കഴിയും, പക്ഷെ അതു നിങ്ങൾ കഴിച്ചാൽ മാത്രമേ സാധിക്കൂ. മരുന്നു കുപ്പികളിൽ ഉപയോഗി ക്കാതെ വച്ചാൽ പ്രയോജനപ്പെടുകയില്ല. പൗലൊസ് പറഞ്ഞു, "... ക്രിസ്തുവിന്റെ ക്രൂശ് [അല്ലെങ്കിൽ അതിന്റെ ശക്തി നഷ്ടമാകുന്നു] വ്യർത്ഥമാകാതിരിക്കേണ്ടതിനു, വാക്ചാതുര്യത്തോടെ അല്ലതാനും" (1 കൊരിന്ത്യർ 1:17). ശക്തി അവിടെയുണ്ട്, പക്ഷെ നാം അതുമായി ബന്ധ പ്പെടണം.

**പുതിയ നിയമം**

യേശു പറഞ്ഞു, "ഇതു അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന, പുതിയ ഉടമ്പടി [നിയമത്തിനുള്ള] എന്റെ രക്തം" (മത്തായി 26:28). ബൈബിൾ രക്തത്തെക്കുറിച്ചുള്ള പുസ്തകമാണ്. നാനൂറിലധികം പ്രാവശ്യം "രക്തം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. നാമും രക്ത വുമായുള്ള ബന്ധത്തിൽ ആകുന്നതിൽ അഭിമാനിക്കുന്നില്ലേ? അതു

അത്ര കുഴപ്പം പിടിച്ചതാണോ? ദൈവശ്വാസിയമല്ലാത്തവർ ബൈബിൾ എഴുതിയെങ്കിൽ, അവർ അതിനെ സൂര്യപ്രകാശം കൊണ്ടു മൂടുമായിരുന്നു; അത് എഴുതിയതായ, ദൈവം, അതിനെ രക്തത്തോടുകൂടി എഴുതി.

പലരും വിചാരിക്കുന്നതു ക്രിസ്തുവിന്റെ ക്രൂശ് പരാജയവും അവന്റെ ഉയിർത്തെഴുന്നേല്പു വിജയവുമായിരുന്നു എന്നാണ്. അവന്റെ *മരണം* വിജയമായിരുന്നു എന്നു മാത്രമാണ് പുതിയ നിയമം വെളിപ്പെടുത്തിയിരിക്കുന്നത്. എബ്രായർ 9:15, 16 യേശുവിനെ ചിത്രീകരിക്കുന്നതു പുതിയ നിയമത്തിന്റെ, അല്ലെങ്കിൽ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ ആണെന്നാണ്. ഒരു നിയമം (അല്ലെങ്കിൽ ഒസ്യത്ത്) പ്രാബല്യത്തിൽ വരുന്നതു മരണശേഷമാണ്. യേശു തന്റെ മരണത്തിലൂടെയാണ് സാത്താനിൽ നിന്ന് മരണശക്തിയെ നീക്കം ചെയ്തത്. ഉയിർത്തെഴുന്നേല്പു മരണത്തെ വിലയുള്ളതാക്കുന്നു! യേശു ക്രൂശിൽ വിജയിക്കുകയായിരുന്നു. പൗലൊസ് പറഞ്ഞു, "... അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ചു, ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു. വാഴ്ച്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവരെ പരസ്യമായ കാഴ്ച്ചയാക്കി" (കൊലൊസ്യർ 2:14, 15).

തിരുവെഴുത്തുകളിലേക്കുള്ള താക്കോൽ ആണ് യേശു. ഓരോ വാക്യത്തിലും യേശു അടങ്ങിയിരിക്കുന്നതുകാണാം. "എഴുതപ്പെട്ട വചനത്തിൽ" മാത്രമാണ് "ജീവന്റെ വചനം" കാണുവാൻ കഴിയുന്നത്.

നമുക്കു ക്രിസ്തീയ *കാലഘട്ടത്തിൽ*, മാത്രം ആയിരിക്കാം! പ്രശ്നം അധികാരമാണ്: നാം ബൈബിൾ അനുസരിച്ചു പോകുമോ ഇല്ലയോ? നമുക്കു ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ മാത്രം ആയിരിക്കാം ... അതിൽ കൂടുതലോ, കുറവോ ആയിരിക്കാതെ. ഒന്നാം നൂറ്റാണ്ടിലെ സഭയിലെ അംഗത്തെ പോലെ ആകുവാൻ നിങ്ങൾ ആഗ്രഹിച്ചിട്ടുണ്ടോ? നിങ്ങൾക്കു കഴിയും! നിങ്ങൾ അതിനു തയ്യാറായി, അവന്റെ വചനം അനുസരിക്കുമെങ്കിൽ, ദൈവം നിങ്ങളെ ചേർത്തുകൊള്ളും.

### പുതിയ നിയമ സഭ

സുവിശേഷങ്ങൾ യേശുവിൽ കേന്ദ്രീകരിച്ചിരിക്കയാണ്; പ്രവൃത്തികൾ മുതൽ വെളിപ്പാട് വരെ അവന്റെ സഭയെ കേന്ദ്രീകരിച്ചിരിക്കുന്നു. താൻ തന്റെ സഭയെ പണിയും എന്നു യേശു പത്രൊസിനു വാഗ്ദാനം ചെയ്തിരുന്നു (മത്തായി 16:13-20). അവൻ തന്റെ രക്തത്താൽ സഭയെ വിലക്കു വാങ്ങി (പ്രവൃത്തികൾ 20:28). അവൻ സഭയെ സ്നേഹിക്കയും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുക്കയും ചെയ്തു (എഫെസ്യർ 5:22-30). ഒരു ഭർത്താവു ഭാര്യയെ സ്നേഹിക്കേണ്ടതുപോലെ, യേശു സഭയെ സ്നേഹിക്കയും തന്നെത്താൻ ഏല്പിച്ചു കൊടുത്തു കാലാവസാനത്തിൽ തനിക്കു ഒരു മഹത്വകരമായ സഭ പിതാവിനു ഏല്പിക്കയും ചെയ്യും (വാ. 25-27). സഭയാലും, സഭ മുഖാന്തരവുമാണ്, അവന്റെ രക്തത്തിന്റെ ഗുണം ലഭിക്കുന്നത്.

ക്രിസ്തുവിനെ നിങ്ങൾക്കു സഭയിൽ നിന്നു വേർപിരിക്കുവാനാ

വില്ല. യേശുവിന്റെ ഭൗതിക ശരീരത്താലാണ് തന്റെ ആത്മിയ ശരീരം അവൻ വാങ്ങിയത്. സഭ "ദൈവത്തിന്റെ എന്നേക്കുമുള്ള ഭവനമാണ്." ഭൂമിയിൽ അതുപോലെ മറ്റൊന്നില്ല. പ്രാദേശിക സഭ ശരിയായി പ്രവർത്തിച്ചാൽ ഭൂമിയിൽ മറ്റൊന്നിനും അതുപോലെ പ്രവർത്തിക്കുക സാധ്യമല്ല. യേശു ഭൂമിയിൽ വിട്ടിട്ടുള്ളതു അവന്റെ സഭ മാത്രമാണ്. അവൻ മരിച്ചതു മനുഷ്യ - നിർമ്മിത സംഘടനകൾക്കു വേണ്ടിയല്ല. ക്രിസ്തു സകലതിലും തന്റെ ശരീരം ആയ, സഭയ്ക്കു തലയാകുന്നു (എഫെസ്യർ 1:22, 23; കൊലൊസ്യർ 1:18). ഐക്യതയും തുല്യതയും ദൈവത്തിന്റെ സഭയിൽ മാത്രമാണുള്ളത്. യേശു നടുച്ചുവർ ഇടിച്ചു കളഞ്ഞു, ക്രൂശു മുഖാന്തരം ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിച്ചു (എഫെസ്യർ 2:13–22). സഭ ഒന്നാണ്, പലതല്ല.

"പക്ഷെ സഭയ്ക്ക് രക്ഷിക്കാൻ സാധ്യമല്ലല്ലോ!" എന്നു നിങ്ങൾ പറഞ്ഞേക്കാം. സത്യം! ക്രിസ്തുവാണ് രക്ഷകൻ – സഭയാണ് രക്ഷിക്കപ്പെടുന്നവർ. രക്ഷിക്കപ്പെടുന്നവരെയാണ് സഭയോടു ചേർക്കുന്നത് (പ്രവൃത്തികൾ 2:41–47). നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നിങ്ങൾ ചേർക്കപ്പെട്ടിരിക്കും; നിങ്ങൾ ചേർക്കപ്പെട്ടിട്ടുണ്ടെങ്കിൽ, രക്ഷിക്കപ്പെട്ടിരിക്കും. ദൈവം മറക്കുകയില്ല. *സഭയ്ക്കുപുറത്തു രക്ഷിക്കപ്പെട്ടവരില്ല.* നിങ്ങൾ ക്രിസ്തുവിനെ പ്രസംഗിക്കുമ്പോൾ, സഭയെ ലഭിക്കുന്നു. സഭ സർവ്വദേശിയമാണ്, എന്നാൽ ക്രിസ്തുവിന്റെ സഭയിൽ പങ്കാളിയായി ജീവിക്കുവാനുള്ള ഒരേ ഒരു വഴി നിങ്ങൾ അതിന്റെ പ്രാദേശിക ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്ന ഒരംഗമാകുകയാണ്. ഭൂമിയിൽ സുരക്ഷിതവും, ഉറപ്പും ഉള്ള ഏക സ്ഥാപനം പ്രാദേശിക സഭയാണ്.

"സംഘടിത മതത്തിനു ഞാൻ എതിരാണ്!" എന്നു, ചിലർ പറയും. അപ്പോൾ അവർ "അസംഘടിത മതത്തിനു" വേണ്ടി നില കൊള്ളുകയാണോ? "എനിക്കു ക്രിസ്തുവിനെ ഇഷ്ടമാണ്, പക്ഷെ സഭയെ ഞാൻ ത്യജിക്കുന്നു" എന്നും, ഞാൻ പറഞ്ഞു കേട്ടിട്ടുണ്ട്. അതു തിരുവെഴുത്തു പ്രകാരമോ, യുക്തി സഹജമോ അല്ല. വിവാഹിതരായ പുരുഷന്മാരുടെ ഏറ്റവും വലിയ സന്തോഷം അവരുടെ ഭാര്യമാരാണ്. ഭർത്താക്കന്മാർ അവരേക്കാൾ അവരുടെ ഭാര്യമാരെ പുകഴ്ത്തി പറയുന്നതു കേൾക്കുവാൻ ആഗ്രഹിക്കുന്നവരാണ്. അവരിൽ ചിലർ വാക്കുകൾ കൊണ്ടു സ്വയം പ്രതിരോധിച്ചില്ലെങ്കിൽ പോലും, – അവരാരും തങ്ങളുടെ ഭാര്യമാരെ കുറിച്ചു എതിരായി പറയുകയോ ഉപദ്രവിക്കുകയോ ചെയ്യാൻ അനുവദിക്കയില്ല! ക്രിസ്തുവിന്റെ മണവാട്ടിയായ, സഭയെ ഉപദ്രവിച്ചു കൊണ്ട് ആർക്ക് ദൈവ മുൻപാകെ നില്ക്കുവാൻ കഴിയും? "കറ, ചുളുക്കം, മാലിന്യം, കോട്ടം എന്നിവ ഒന്നുമില്ലാത്ത മഹത്വകരമായ തന്റെ സഭയെ" ആണ് അവസാനകാലത്ത്, പിതാവിനു ഏല്പിച്ചു കൊടുക്കുന്നത് (എഫെസ്യർ 5:27).

## കർത്തൃമേശ കർത്തൃ ദിവസം

ക്രൂശുമായി ബന്ധപ്പെട്ടതാണ് കർത്തൃമേശ. പ്രാരംഭ സഭ, കർത്തൃദിവസമായ ഞായറാഴ്ച്ച, നിരന്തരമായി കൂടി വന്നു (പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 16:1, 2; നോക്കുക പ്രവൃത്തികൾ 2:42; എബ്രായർ 10:25).

സഭായോഗത്തിലാണ് കർത്തൃമേശ വിളമ്പിയിരുന്നത്. ക്രിസ്ത്യാനി തനിയെ കർത്തൃമേശ എടുത്തശേഷം പിന്നെ കൂടി വരികയല്ല ചെയ്തതു. കൂടി വരാത്ത സഭയ്ക്കു നിലനില്ക്കുവാൻ കഴിയുകയില്ല. ഒരു സമൂഹത്തെ പോലെ, സഭയ്ക്കു അതിന്റേതായ ജീവൻ ഉണ്ട് (പ്രവൃത്തികൾ 2:42).

സഭ കൂടി വരുമ്പോൾ, ക്രിസ്തുവും ഉണ്ടാകും! യേശു അതിഥി യല്ല, ആതിഥേയനാണ്! നമ്മോടു ക്ഷമിക്കുന്ന സഭയുടെ കൂദാശയല്ല കർത്തൃമേശ – നാം ക്ഷമിക്കപ്പെട്ടു എന്നോർമ്മിക്കുന്ന ജ്ഞാപകപ്രഖ്യാ പനമാണ് അത്. യേശുവിന് ഒരു കല്പന മാത്രമാണുള്ളത്: "എന്നെ അനുഗമിക്ക." അവന് ഒരു അപേക്ഷ മാത്രമാണുള്ളത്: "എന്നെ ഓർമ്മി ക്കുക" (ലൂക്കൊസ് 22:19, 20; 1 കൊരിന്ത്യർ 10:16; 11:23–26). അവനു ഒരു ബൈബിൾ, ഒരപ്പം, ഒരു പാനപാത്രം, ഒരു ശരീരം, ഒരു രക്തം, ഒരു നിയമം മാത്രമാണുള്ളത്. ഇതാ നല്ലൊരു നിയമം: കർത്തൃമേശ എല്ലാ കർത്തൃദിവസവും, കർത്തൃമേശ ഇല്ലാത്ത കർത്തൃദിവസവുമില്ല! എന്താണ് ഉപയോഗിച്ചത് എന്നു ചിന്തിക്കുക: പുളിപ്പില്ലാത്ത അപ്പവും മുന്തിരിവള്ളിയുടെ അനുഭവവും. ഇത് അവന്റെ ശരീരത്തെ പ്രതിനി ധാനം ചെയ്യുന്നു. പുളിപ്പില്ലാത്ത അപ്പത്തിനും മുന്തിരിവള്ളിയുടെ അനു ഭവത്തിനും പകരം എന്തെങ്കിലും ഉപയോഗിക്കുന്നതു ചിന്തിക്കുവാനേ കഴിയുകയില്ല.

മതപരമായ ഒഴിവു ദിവസങ്ങളാലല്ല സഭ വളരുന്നത്, മറിച്ചു അതു വളരുന്നതു കർത്തൃമേശയാലാണ്! ഇതിൽ പരാജയപ്പെട്ടാൽ സഭ ബല ഹീനവും രോഗമുള്ളതുമാകും (1 കൊരിന്ത്യർ 11:23–30). ഭൂമിയിൽ വെച്ചുള്ള ഏറ്റവും വലിയ ജ്ഞാപക സ്ഥാപനമാണ് കർത്തൃമേശ. എല്ലാ അംഗങ്ങൾക്കും പങ്കെടുക്കാം. ശ്രദ്ധിക്കേണ്ടതു, വചനത്തിലും, ക്രൂശി ലും, അവന്റെ പാപമോചനത്തിലുമാണ്! അംഗങ്ങൾ അവരവരെ ശോധന ചെയ്യണം. അംഗങ്ങൾ "കർത്താവിന്റെ മരണത്തെ അവന്റെ വരവുവരെ പ്രഖ്യാപിക്കണം" (1 കൊരിന്ത്യർ 11:26). അതുകൊണ്ടാണ് വീടുവിട്ടു പോകാൻ കഴിയാത്തവർക്കുവേണ്ടി കർത്തൃമേശ എടുത്തിരുന്നത്. അവ രും, ശരീരത്തിന്റെ അംശികളാണ്. സഭക്കു ചുറ്റിപ്പറ്റിയുള്ള ഒരു സ്മര ണയാണ് കർത്തൃമേശ!

**സ്നാനം**

കുരിശ് വെക്കേണ്ടതു സഭാ മന്ദിരത്തിന്റെ മുകളിലല്ല സമൂഹ മദ്ധ്യേ യാണ്. യേശുവിനെ രണ്ടു മെഴുകുതിരികൾക്കു മദ്ധ്യേ പള്ളിയിൽ വെച്ചല്ല ക്രൂശിൽ തറെച്ചത്, എന്നാൽ രണ്ടു കള്ളന്മാരുടെ നടുവിൽ ഒരു കുരിശിൽ ആയിരുന്നു. നാമെല്ലാം ഉണർന്നു ചോദിക്കണം (ഉത്തരവും പറയണം) "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം?" ചിലർ ലൂക്കൊസ് 18:9–14 നെ ആസ്പദമാക്കി ഉത്തരമായി പറയും "പാപിക ളുടെ പ്രാർത്ഥന," എന്ന്, അവിടെ ചുങ്കക്കാരൻ പ്രാർത്ഥിച്ചു, "ദൈവമേ, പാപിയായ എന്നോടു, കരുണ തോന്നേണമേ!" രക്ഷക്കുള്ള വഴിയായി ഇതു നിർദ്ദേശിക്കുന്നത്, വചനം പഠിക്കുവാനുള്ള നമ്മുടെ പരാജയ ത്തെയോ അല്ലെങ്കിൽ വചനം അംഗീകരിക്കുവാനുള്ള നമ്മുടെ പരാജ യത്തെയോ അല്ലെങ്കിൽ ഇവ രണ്ടും അംഗീകരിക്കുവാനുള്ള പരാജയ

ത്തെയോ ആണ് കാണിക്കുന്നത്. ആ സംഭവത്തിൽ, പരീശനും ചുങ്കക്കാരനും ദൈവാലയത്തിലെ യെഹൂദ സഹോദരന്മാരായിരുന്നു. രണ്ടു പേരും ആദ്യമായി ദൈവത്തിങ്കലേക്കു വരുന്ന പാപികളായിരുന്നില്ല. ഒരാൾ അഹങ്കാരി ആയിരുന്നു; മറ്റെയാൾ താഴ്മയുള്ളവനും. അതാണ് പാഠം. യേശുവിന്റെ ഈ ഉപമ ക്രൂശിന്റെ മുൻപിലും, പ്രവൃത്തികളുടെ പുസ്തകത്തിലും, മഹത്തായ ആജ്ഞയിലും, പെന്തെക്കൊസ്തു നാളിലും, സുവിശേഷ പ്രസംഗത്തിലും, സഭയിലും ഉണ്ടായിരുന്നു. ആ സംഭവം രക്ഷയെ കുറിച്ചുള്ളതായിരുന്നില്ല. ഈ സംഭവത്തിൽ, യേശുവിനെ ആരെന്ന് സൂചിപ്പിച്ചിട്ടില്ല, അവൻ ആവശ്യമുള്ളതായി പറഞ്ഞിട്ടുമില്ല!

സ്നാനം പാപികളെ ക്രൂശുമായി ബന്ധിപ്പിക്കുന്നു. റോമർ 6:3 വായിക്കുക. ആ പ്രവൃത്തിയിൽ നാം യേശുവിന്റെ രക്തവുമായി ബന്ധപ്പെടുന്നു; ഭൂമിയിൽ അവിടെ മാത്രമാണ് ഒരു അക്രൈസ്തവനു അതു ചെയ്യുവാൻ കഴിയുന്നത്. അതുകൊണ്ട്, അതിനെ ഒരിക്കലും അർത്ഥമില്ലാത്ത സഭയുടെ ചടങ്ങായി കുറക്കരുത്.

യേശു സ്വർഗ്ഗാരോഹണം ചെയ്തശേഷം സ്നാനം – ഏല്ക്കാത്ത ക്രിസ്ത്യാനിയെ കുറിച്ച് തിരുവെഴുത്തിൽ പറയുന്നില്ല എന്നതാണ് വസ്തുത. അതു ഒന്നാം – നൂറ്റാണ്ടിലെ സഭാ ചരിത്രത്തിനും അന്യമായിരുന്നു. രക്ഷയിൽ സുപ്രധാനമായ ഒന്നാണ് സ്നാനം. തന്റെ മഹത്തായ ആജ്ഞയിൽ യേശു സ്നാനത്തെ കല്പിച്ചിരിക്കുന്നു (മർക്കൊസ് 16:15, 16). പാപികൾ സ്നാനമേല്ക്കുന്നതു പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് (മത്തായി 28:18–20). സുവിശേഷ സന്ദേശത്തിന്റെ കാതൽ ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയാണ് (1 കൊരിന്ത്യർ 15:1–4); പാപികൾ അവന്റെ മരണത്തോടും, അടക്കത്തോടും, ഉയിർത്തെഴുന്നേല്പിനോടും ഏകീഭവിക്കുന്നതിനാണ് സ്നാനമേല്ക്കുന്നത് (റോമർ 6:3–6; കൊലൊസ്സ്യർ 2:12). സ്നാനത്തിൽ ഒരാൾ കർത്താവിനെ സ്വീകരിക്കയും അവനെ ധരിക്കയും ചെയ്യുന്നു (ഗലാത്യർ 3:26–28). തിരുവെഴുത്തു സ്നാനത്താൽ ഒരു പാപി ക്രിസ്ത്യാനിയായി തീരുന്നു (പ്രവൃത്തികൾ 2:38).

സ്നാനം മനുഷ്യന്റെ യോഗ്യതാ പ്രവൃത്തി അല്ല, എന്നാൽ ദൈവത്തിന്റെ പ്രവൃത്തിയാണ്. ഓരോ പാപിയും യേശുവിനെ കേൾക്കുകയും, വിശ്വസിക്കുകയും, മാനസാന്തരപ്പെടുകയും, ഏറ്റു പറയുകയും വേണം. ഇവയൊന്നും എനിക്കുവേണ്ടി മറ്റാർക്കും ചെയ്യുവാൻ സാധ്യമല്ല, എന്നാൽ മറ്റാരെങ്കിലും വേണം എന്നെ സ്നാനപ്പെടുത്തുവാൻ! പാപികൾ, അക്ഷരാർത്ഥത്തിൽ, “സ്നാനം സ്വീകരിക്കയാണ്.” തെറ്റായി സ്നാനപ്പെട്ടിരുന്നതുകൊണ്ടാണ് എഫെസൊസിലെ പന്ത്രണ്ടുപേർ പൗലൊസിനാൽ “പുനർ സ്നാനം” ഏറ്റത് (പ്രവൃത്തികൾ 19:1–7). സ്നാനം പ്രധാനപ്പെട്ടതാണെന്നും അതു ശരിയായി ചെയ്യണം എന്നും പൗലൊസ് വിശ്വസിച്ചിരുന്നു.

സ്നാനമോ രക്ഷിക്കുന്നു (1 പത്രൊസ് 3:20, 21). പെന്തെക്കൊസ്തു നാളിലെ യെഹൂദന്മാർ സ്നാനം ഏല്ക്കേണ്ടിയിരുന്നു (പ്രവൃത്തികൾ 2). ഐത്യോപ്യക്കാരനായ ഷണ്ഡനും സ്നാനം ഏല്ക്കേണ്ടിയിരുന്നു (പ്രവൃത്തികൾ 8:26–40). പൗലൊസിനും സ്നാനം ഏല്ക്കേണ്ടിയിരുന്നു (പ്രവൃ

ത്തികൾ 9; 22:16). ജാതിയിൽ പെട്ട, കൊർന്നെല്യോസിനും (യഹൂദൻ - അല്ലാത്ത), സ്നാനം ഏല്ക്കേണ്ടിയിരുന്നു (പ്രവൃത്തികൾ 10). ഈ വേദഭാഗങ്ങൾ എല്ലാം വായിച്ചശേഷം എല്ലാ തിരിച്ചറിവുള്ള ആളുകളും സ്നാനം ഏല്ക്കേണ്ടതായുണ്ട് എന്ന തീരുമാനത്തിൽ എത്താതിരിക്കാൻ ആർക്കു കഴിയും?

**ക്രൂശിക്കപ്പെട്ട ജീവിതം**

ക്രൂശിന്റെ ഫലമാണ് ക്രൂശിക്കപ്പെട്ട ജീവിതം. പൗലൊസ് പറഞ്ഞു, "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു ..." (ഗലാത്യർ 2:20, 21). അവൻ മരിച്ച മരണത്തിനു മുൻപു യേശു തന്റെ ജീവിതം ജീവിച്ചു. രക്ഷ സൗജന്യമാണ്, എന്നാൽ അതിനു നമ്മുടേതായ എല്ലാം വിലയായി കൊടുക്കണം - നമ്മുടെ ജീവിതങ്ങൾ തന്നെ! ചരിത്രപരമായ അർത്ഥത്തിൽ, യേശു ഉയിർത്തെഴുന്നേറ്റു; എന്നാൽ വിശുദ്ധമായ അർത്ഥത്തിൽ, അവൻ ഇപ്പോഴും ക്രൂശിൽ തന്നെ. ക്രൂശ് മുഖാന്തരം സഭ നിലവിൽ വരുകയും ക്രൂശിന്റെ ഒരു പ്രകടനമായി നിലനിൽക്കുകയും ചെയ്യുന്നു. പൗലൊസ് കൊലൊസ്യർ 3:1-4 ൽ വിവരിച്ചതുപോലെ, നാം ക്രൂശിനരികിലേക്കു വരികയും ക്രൂശിങ്കൽ ജീവിക്കയും ചെയ്യുന്നു.

ക്രൂശിക്കപ്പെട്ട ദാസന്മാർക്കു ക്രൂശിക്കപ്പെട്ട രക്ഷകനോടു നന്നായി ആശയ വിനിമയം ചെയ്യാം. യേശു നമ്മെ വിളിക്കുന്നതു മരിക്കുവാനാണ്. പൗലൊസ് ദിനമ്പ്രതി മരിച്ചിരുന്നു (1 കൊരിന്ത്യർ 15:31). മരിക്കുവാൻ ധൈര്യമുണ്ടെങ്കിൽ മാത്രമെ എങ്ങനെ ജീവിക്കണമെന്നു സഭയ്ക്കു പഠിക്കുവാൻ കഴിയൂ. ഒരു ക്രിസ്ത്യാനി ഒരിക്കലും ക്രിസ്തു രക്ഷിക്കുവാൻ വന്ന ലോകത്തെപോലെ ആകരുത് ലോകത്തെ രക്ഷിപ്പാൻ മരിച്ച ക്രിസ്തുവിനെ പോലെയാണ് ഒരു ക്രിസ്ത്യാനി ആയിരിക്കേണ്ടത്. ഒരു വ്യക്തിക്കു താൻ ജീവിക്കുന്നതാണ്, *വാസ്തവത്തിൽ* അയാളുടെ ബൈബിൾ. നിങ്ങളുടെ ദിവസത്തിന്റെ ആദ്യ ഫലങ്ങളും, ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളും, നിങ്ങളുടെ ശമ്പളത്തിന്റെ ഒരംശവും, നിങ്ങളുടെ ഹൃദയത്തിലെ ഒന്നാം സ്ഥാനവും ദൈവത്തിനു നല്കണം.

വിശ്വാസത്തിന്റെ അനുസരണത്തെ നിങ്ങൾ തരംതാഴ്ത്തുമ്പോൾ, രക്തപുസ്തകം, രക്തം - കൊടുത്തു സമ്പാദിച്ച സഭ, ഓർമ്മക്കായുള്ള കർത്തൃമേശ, അല്ലെങ്കിൽ സ്നാനം എന്നിവയൊന്നും നിങ്ങളെ ക്രൂശുമായി ബന്ധിപ്പിച്ചു നിർത്തുന്നില്ല.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today